**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 555** **09-08-2023 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട്-ധോണി" റോഡിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി - ധോണി – മുട്ടിക്കുളങ്ങര റോഡ് നവീകരണ പ്രവൃത്തിയ്ക്ക് 09/11/2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പ്രവൃത്തി 19/11/2021-ലെ GO (Ms) No. 51/2021/PWD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫുൾ ഡെപ്ത് റീക്ലമേഷൻ (FDR) സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 27.94 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി (SPV) ആയ KRFB 03/08/2022-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തിയ സ്ഥലപരിശോധനയുടെയും, അവലോകന യോഗത്തിലെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി TRC-യുടെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി ധനാനുമതിയ്ക്കായി പുനഃസമർപ്പിക്കുവാൻ 04/07/2023-ൽ കിഫ്ബി SPV-ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് SPV പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കാവുന്നതാണ് എന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | ഈ റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന വിവരം അറിയിക്കാമോ? | (ബി) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി - ധോണി – മുട്ടിക്കുളങ്ങര റോഡ് നവീകരണ പ്രവൃത്തിയ്ക്ക് 09/11/2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 12.66 കോടി രൂപയ്ക്ക് കിഫ്‌ബി സാമ്പത്തിക അനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പ്രവൃത്തി 19/11/2021-ലെ GO (Ms) No. 51/2021/PWD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫുൾ ഡെപ്ത് റീക്ലമേഷൻ (FDR) സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 27.94 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി (SPV) ആയ KRFB 03/08/2022-ന് കിഫ്‌ബിക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് കിഫ്‌ബി എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തിയ സ്ഥലപരിശോധനയുടെയും, അവലോകന യോഗത്തിലെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്‌ബി TRC-യുടെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി ധനാനുമതിയ്ക്കായി പുനഃസമർപ്പിക്കുവാൻ 04/07/2023-ൽ കിഫ്‌ബി SPV-ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് SPV പുതുക്കിയ എസ്റ്റിമേറ്റ് കിഫ്‌ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്‌ബി സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ് എന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ